# Malayala Manorama
# 27 August 2018
# Thrissur, Essential Items, Seized

## സൊസൈറ്റിയിലേക്ക് കടത്തിയ അവശ്യവസ്തുക്കൾ പിടിച്ചെടുത്തു

തൃശൂർ • ദുരിതബാധിതരെ സഹായിക്കാനായി തമിഴ്നാട്ടിൽ നിന്നു വ്യാപാരികൾ അയച്ചതിലെ രണ്ടു ലോഡ് അവശ്യവസ്തുക്കൾ സൊസൈറ്റി ഗോഡൗണിലേക്ക് വഴിതിരിച്ചുവിട്ടു. സാധനങ്ങൾ പൊലീസും സപ്ലൈ ഓഫിസ് അധികൃതരും ചേർന്നു പിടിച്ചെടുത്തു.

ഗോഡൗൺ സീൽ ചെയ്ത അധികൃതർ കേസ് എടുക്കുന്നതിനുള്ള നടപടിക്രമങ്ങളും ആരംഭിച്ചു. ചെന്നൈയിൽനിന്ന് കലക്ടറേറ്റിലേക്കു വന്ന ആറ് ലോഡ് അവശ്യസാധനങ്ങളിൽ രണ്ടു ലോഡാണ് വഴി തിരിച്ചു വിട്ട് തൃശൂർ പഴം പച്ചക്കറി മാർക്കറ്റിങ് സൊസൈറ്റിയുടെ നടത്തറ കാച്ചേരിയിലുള്ള ഗോഡൗണിൽ എത്തിച്ചത്. അരി, മരുന്ന്, കുപ്പിവെള്ളം, ബിസ്കറ്റ്, നാപ്കിൻ എന്നിവയാണ് ഇതിൽ ഉണ്ടായിരുന്നത്.

വൈകിട്ട് നാലോടെ താലൂക്ക് സപ്ലൈ ഓഫിസ് അധികൃതരും ഒല്ലൂർ പൊലീസും എത്തിയാണ് സാധനങ്ങൾ കടത്തിയതായി കണ്ടെത്തിയത്. രഹസ്യവിവരത്തെത്തുടർന്നാണ് ഇവർ പരിശോധനയ്ക്ക് എത്തിയത്. സിഐ ബെന്നി ജേക്കബിന്റെ നേതൃത്വത്തിൽ ഗോഡൗൺ സീൽ ചെയ്തു.